(ബി) ഇല്ലെങ്കിൽ ധനവ്യയനിയന്ത്രണം കൗൺസിൽ പാലിക്കുന്നുണ്ടോയെന്ന് ഗൗരവമായി പരിശോധിച്ച് ഉറപ്പ് വരുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് സർക്കാരിൽ നിന്ന് പദ്ധതി-പദ്ധതിയേതര ഇനങ്ങളിൽ ഫണ്ട് അനുവദിക്കുന്നുണ്ട്. ടി ഫണ്ട് ധനസഹായ നിയമങ്ങൾക്ക് വിധേയമായി ആറ് തുല്യ തവണകളായി ധനവ്യയനിയന്ത്രണങ്ങൾ പാലിച്ച് ചെലവഴിച്ച് വരുന്നു.

ഡിവിഷണൽ അക്കൗണ്ടന്റ് നിയമനം

14 [3707] *ശ്രീ. ടി. കെ. ദേവകുമാർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിവിഷണൽ അക്കൗണ്ടന്റ് (കേരളാ ജനറൽ സർവ്വീസ്) തസ്തികയിലേക്കുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഈ ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്;

(ബി) ഈ തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിന് തയ്യാറാക്കിയിട്ടുള്ള മൂന്ന് കാറ്റഗറി ലിസ്റ്റുകളിൽ നിന്നുള്ള നിയമന വിവരങ്ങൾ വ്യക്തമാക്കാമോ;

(സി) മൂന്ന് കാറ്റഗറികളിൽ നിന്നുള്ള നിയമനം ഏത് അനുപാതത്തിലാണ്; നടത്തുന്നത്;

(ഡി) ഈ അനുപാതം പാലിക്കപ്പെടാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അനുപാതം പാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)---(ഇ) പി. എസ്. സി. യിൽ നിന്നും വിവരം ശേഖരിച്ചു വരുന്നു.

കൊല്ലം ജില്ലയിലെ എൽ. പി./യു. പി. അസിസ്റ്റന്റ് ഒഴിവുകൾ

15 [3708] *ഡോ. എ. നീലലോഹിതദാസൻ നാടാർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എൽ. പി./യു.പി. അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് പി. എസ്. സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എന്നാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly